## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 122 — 11.08.2017-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, വി. ജോയി<br>,, എം. രാജഗോപാലൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) മുൻകാലത്തുനിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജൂൺ 15 നകം വാർഷിക പദ്ധതി സമർപ്പിച്ചുവെന്ന ചരിത്ര നേട്ടം കൈവരിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; | എ) വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുൻകൂട്ടി നൽകുകയും തുടർന്ന് സമയബന്ധിതമായി പരിശീലനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സമയബന്ധിതമായി വാർഷിക പദ്ധതി സമർപ്പിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ തുടർച്ചയായി അവലോകനം നടത്തുകയും ചെയ്തിരുന്നു. പദ്ധതി രൂപീകരണ പ്രക്രിയ മോണിറ്റർ ചെയ്യുന്നതിന് പെർഫോർമൻസ് ആഡിറ്റ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശം നൽകിയതും കൂടാതെ ജീവനക്കാരുടെ അകമഴിഞ്ഞ പിന്തുണ ഇക്കാര്യത്തിൽ ഉണ്ടായതും പദ്ധതികൾക്ക് ജൂൺ 15 നുള്ളിൽ അംഗീകാരം വാങ്ങുന്നതിന് കാരണമായി. |
| ബി) വിവിധ മിഷനുകൾ നടപ്പിലാക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ പദ്ധതി ആസൂത്രണ മാർഗനിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നോ; ശുചിത്വമുള്ള വികസിത കേരളത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നു; | ബി) ഉൾക്കൊള്ളിച്ചിരുന്നു.<br>പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന വിവിധ വികസന പ്രവർത്തനങ്ങളിൽ നവകേരള മിഷനു വേണ്ടി തയ്യാറാക്കിയിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട പദ്ധതികൾ |

അതാത് മിഷനുകളിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓരോ പ്രദേശത്തെയും മാലിന്യ മുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക, ജൈവ മാലിന്യങ്ങൾ ജൈവ വള ഉൽപാദനത്തിനും ഊർജ്ജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുക, മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) അംഗീകാരം നൽകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് യഥാസമയം ഫണ്ട് ലഭ്യമാക്കാൻ ജാഗ്രത പുലർത്തുമോ എന്ന് വ്യക്തമാക്കുമോ?

സി) അംഗീകാരം നൽകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്ലാൻ ഫണ്ട് ഗഡുക്കളായി അനുവദിച്ചു വരുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്. പദ്ധതി പ്രവൃത്തികളുടെ മോണിറ്ററിംഗ് ആഴ്ചതോറും നടത്തുകയും പുറകിൽ നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രശ്നം പരിഹരിക്കുവാൻ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഇടപെടലുകൾ നടത്തി വരുന്നു.

പദ്ധതിയുടെ പ്രതിദിനമുള്ള പ്രവൃത്തി പുരോഗതി Dash Board ൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി സമയബന്ധിതമായി പ്രതിവാര മോണിറ്ററിംഗും ജില്ലാതലത്തിലുള്ള വിശദമായ പദ്ധതി പുരോഗതി റിപ്പോർട്ടും പബ്ലിക് ഡൊമൈനിൽ (www.lsgkerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ട്രഷറികളിലുള്ള പെൻഡിംഗ് ബില്ലിന്റെ എണ്ണവും തുകയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ